# കേരള സ്കൂൾ ശാസ്ത്രോത്സവം 2011-12

## സ്കൂളുകളിൽ ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള സോഫ്റ്റ് വെയർ യൂസർ ഗൈഡ്

വിദ്യാഭ്യാസവകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന്റെ ഭാഗമായി ശാസ്ത്രോത്സവം നടത്തിപ്പും ഇത്തവണ സ്വതന്ത്ര സോഫ്റ്റ് വെയർ അധിഷ്ഠിതമാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. നിലവിൽനിന്ന് വ്യത്യസ്തമായി സ്കൂൾതല മത്സരങ്ങളിൽനിന്നും വിജയികളാകുന്ന കുട്ടികളെ സംബന്ധിച്ച വിവരം ഓൺലൈനായി എന്റർ ചെയ്യേണ്ടതാണ്. ഇതിനായി ഓരോ ഉപജില്ലാതലത്തിലും വളരെ വ്യക്തമായ ആസൂത്രണം നടത്തേണ്ടതുണ്ട്. എല്ലാ ലോവർ പ്രൈമറി വിദ്യാലയങ്ങളിലും അതിവേഗ ഇന്റർനെറ്റ് സംവിധാനം ലഭ്യമല്ലാത്തതിനാൽ ഓൺലൈൻ ഡാറ്റാ എൻട്രിക്കായി എ.ഇ.ഒ. തലത്തിൽ സ്കൂളുകളെ ക്ലസ്റ്റർ ചെയ്യേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ ഉപജില്ലയിലെ തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകൾ ഡാറ്റാ എൻട്രിക്കായുള്ള നോഡൽ സെന്ററുകളായിരിക്കും.

ഓരോ സ്കൂളും തങ്ങളുടെ നോഡൽ സെന്ററിൽ ആണ് ഡാറ്റാ എൻട്രിക്കായി പ്രവേശന ഫാറം എത്തിക്കേണ്ടത്. ഇവിടെ ഡാറ്റാ ഓൺലൈനായി എന്റർ ചെയ്തശേഷം എന്റർ ചെയ്ത വിവരങ്ങൾ സംബന്ധിച്ച പ്രിന്റൗട്ട് ലഭ്യമാകും. ഈ പ്രിന്റൗട്ട് ഓരോ സ്കൂൾ ഹെഡ് മാസ്റ്റർമാരും പരിശോധിച്ച് ശരിയാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്തെങ്കിലും തിരുത്തലുകൾ ആവശ്യമെങ്കിൽ പ്രിന്റൗട്ടിൽ രേഖപ്പെടുത്തി, നോഡൽ സെന്ററിൽ ഈ തിരുത്തലുകൾ വരുത്തിയശേഷം വീണ്ടും പ്രിന്റൗട്ടുകൾ എടുക്കുകയും, എന്റർ ചെയ്ത വിവരങ്ങൾ ശരിയാണെന്ന് ഹെഡ് മാസ്റ്റർ സാക്ഷ്യപ്പെടുത്തുകയും വേണം. എല്ലാ നോഡൽ സെന്ററിൽനിന്നും ഹെഡ് മാസ്റ്റർ സാക്ഷ്യപ്പെടുത്തിയ പ്രവേശനഫാറത്തിന്റെ പ്രിന്റൗട്ട് എ.ഇ.ഒ. ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

ഈ സോഫ്റ്റ് വെയറിന്റെ പ്രവർത്തനങ്ങൾക്ക് രണ്ട് ഭാഗങ്ങളാണുള്ളത്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിക്കുന്ന ഭാഗവും, സ്കൂളുകളുടെ പ്രവേശന ഫാറം എന്റർ ചെയ്യുന്ന ഭാഗവും. നോഡൽ സ്കൂളുകൾ തീരുമാനിക്കുകയും അവയിലേക്കുള്ള ക്ലസ്റ്റർ സ്കൂളുകൾ ഏതെല്ലാം എന്ന് നിർദേശിക്കുകയും ചെയ്യുക. നോഡൽ കേന്ദ്രത്തിലെ സോഫ്റ്റ് വെയർ ഉപയോഗത്തിനായി യൂസറെ സൃഷ്ടിക്കുക, ആവശ്യമെങ്കിൽ ക്ലസ്റ്റർ സെന്ററുകളെ എഡിറ്റ് ചെയ്യുക എന്നിവയാണ് ഉപജില്ലാ അഡ്മിനിസ്ട്രേറ്ററുടെ ചുമതല.

നോഡൽ സെന്റർ തലത്തിലാണ് സ്കൂളുകളിൽനിന്നും ലഭിക്കുന്ന പ്രവേശന ഫാറത്തിന്റെ വിവരങ്ങൾ എന്റർ ചെയ്യുന്നത്. നോഡൽ സെന്ററുകളിൽ ഉപയോഗിക്കേണ്ട സോഫ്റ്റ് വെയറിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

## നോഡൽ സ്കൂളുകളിൽ സോഫ്റ്റ് വെയർ ഉപയോഗിക്കേണ്ടവിധം

ബ്രൗസറിന്റെ അഡ്രസ്ബാറിൽ www.schoolsasthrolsavam.in ടൈപ്പുചെയ്ത് എന്റർ കീ അമർത്തുമ്പോൾ Login പേജ് ലഭിക്കും. ഇതിൽ സബ്ജില്ലയിൽനിന്നും ലഭിക്കുന്ന ക്ലസ്റ്റർ യൂസർനെയിം, പാസ് വേർഡ് എന്നിവ നൽകി login ചെയ്യുക.




അപ്പോൾ ലഭിക്കുന്ന പേജിൽ പാസ് വേർഡ് നിർബന്ധമായും മാറ്റേണ്ടതാണ്. ക്ലസ്റ്റർ യൂസറുടെ പേര്, മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ രേഖപ്പെടുത്തി പാസ് വേർഡ് മാറ്റുക.



ഇപ്പോൾ ലഭിക്കുന്നത് ഹോംപേജ് ആയിരിക്കും. ഇതിൽ നിങ്ങളുടെ ക്ലസ്റ്ററിൽ ഡാറ്റാ എൻട്രി നടത്തേണ്ടുന്ന വിദ്യാലയങ്ങളുടെ പേര്, കോഡ് എന്നിവ കാണാവുന്നതാണ്. ഇതിന്റെ പ്രിന്റൗട്ടും ലഭ്യമാണ്.




ഇവിടെ നിന്നുതന്നെ സ്കൂൾ എൻട്രി തുടങ്ങാൻ ഓരോ സ്കൂളുകളായി ലഭ്യമായ ലിസ്റ്റിൽനിന്നും തെരഞ്ഞെടുക്കാവുന്നതാണ്.

## School Entry:



School Code, School Name, School Type എന്നിവ default ആയി ലഭ്യമാകും. ബാക്കിയുള്ള സ്കൂളിന്റെ അടിസ്ഥാന വിവരങ്ങൾ നൽകേണ്ട ഫീൽഡുകൾ നിർബന്ധമായും Fill ചെയ്യുക. അതോടൊപ്പം കുട്ടികളുടെ എണ്ണവും പൂരിപ്പിക്കുക. അതിനുശേഷം Save അമർത്തി നൽകിയ വിവരങ്ങൾ സൂക്ഷിക്കാവുന്നതാണ്.

ഇതിനുശേഷം നൽകിയ വിവരങ്ങൾ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ Edit ഉപയോഗിച്ച് നടത്താവുന്നതാണ്. അതിനുശേഷം Confirm ബട്ടൺ അമർത്താവുന്നതാണ്. Confirm Button അമർത്തിയാൽ School Entry എന്ന ജാലകത്തിൽ Total Number of Students എന്ന വരിയുടെ തൊട്ടുതാഴെയായി ഒരു പുതിയ മെനുബാർ (Science Fair, Maths Fair, Social Science Fair, Work Experience Fair, IT Fair) കാണാവുന്നതാണ്.




വിവരങ്ങൾ നൽകാൻ ഉദ്ദേശിക്കുന്ന ഫെയർ തിരഞ്ഞെടുത്ത് അനുയോജ്യമായ വിഭാഗത്തിന് ക്ലിക്കുചെയ്യുക. അപ്പോൾ അനുബന്ധ വിവരങ്ങൾ നൽകാനുള്ള ഫീൽഡുകൾ ദൃശ്യമാവും.



ആദ്യമായി Escorting Teachers ന്റെ എണ്ണം നൽകുക. അപ്പോൾ നൽകുന്ന എണ്ണത്തിനനുസരിച്ച് ടീച്ചർമാരുടെ വിവരങ്ങൾ നൽകാവുന്നതാണ്.

അതിനുതാഴെ പ്രസ്തുത മേളകളുടെ തരംതിരിച്ചുള്ള വിവരങ്ങൾ നൽകാനുള്ള സ്ഥലങ്ങൾ പൂരിപ്പിക്കുക. നിർബന്ധമായും ഒരിനത്തിലെ എല്ലാ ഫീൽഡുകളും Fill ചെയ്യേണ്ടതാണ്.അതിനുശേഷം Save അമർത്തി നൽകിയ വിവരങ്ങൾ സൂക്ഷിക്കാവുന്നതാണ്. ഇതിനുശേഷം നൽകിയ വിവരങ്ങൾ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ Edit ഉപയോഗിച്ച് നടത്താവുന്നതാണ്.

ഇതേ മാർഗം അവലംബിച്ച് അപേക്ഷിക്കുന്ന എല്ലാ വിഭാഗത്തിലെയും വിവരങ്ങൾ നൽകിയ ശേഷം *ഹോം മെനുവിൽ* എത്തിയാൽ താഴെ കാണുന്ന രീതിയിൽ ഒരു ജാലകം ദൃശ്യമാകുന്നതാണ്




നിങ്ങൾ നൽകിയ വിവരങ്ങൾ എല്ലാം പൂർണവും ശരിയുമാണെന്ന് ബോധ്യമുള്ള പക്ഷം ഇവിടെ കൺഫേം (Confirm) എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വിവരങ്ങൾ സ്ഥിരീകരിക്കാവുന്നതാണ്.




വിവരങ്ങൾ സ്ഥിരീകരിച്ച് കഴിഞ്ഞാൽ എന്റർ ചെയ്ത വിവരങ്ങൾ സംബന്ധിച്ച പ്രിന്റൗട്ട് ലഭ്യമാകും.



ഈ പ്രിന്റൗട്ട് ഓരോ സ്കൂൾ ഹെഡ് മാസ്റ്റർമാരും പരിശോധിച്ച് ശരിയാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്.




എന്തെങ്കിലും തിരുത്തലുകൾ ആവശ്യമെങ്കിൽ പ്രിന്റൗട്ടിൽ രേഖപ്പെടുത്തി, നോഡൽ സെന്ററിൽ ഈ തിരുത്തലുകൾ വരുത്തിയശേഷം വീണ്ടും പ്രിന്റൗട്ടുകൾ എടുക്കുകയും, എന്റർ ചെയ്ത വിവരങ്ങൾ ശരിയാണെന്ന് ഹെഡ് മാസ്റ്റർ സാക്ഷ്യപ്പെടുത്തുകയും വേണം.